"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ 174/1A, 174/1 B1 സർവ്വെ നമ്പറുകളിൽപ്പെട്ട 10 ഏക്കർ ഭൂമി റൂസ മോഡൽ ഡിഗ്രി കോളേജ് നിർമ്മിയ്ക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് മുൻകൂർ അനുമതി നല്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള 27/4/2020-ലെ സ.ഉ(എം.എസ്) നം.118/2020/റവ നമ്പർ ഉത്തരവ് റദ്ദാക്കി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.61/2025/RD തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:- 1. സ.ഉ(കൈ) നം.118/2020/റവ തീയതി: 27.04.2020.

2. സ.ഉ(കൈ) നം.129/2024/റവ തീയതി: 15.07.2024.

**ഉത്തരവ്**

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ 174/1A, 174/1 B1 സർവ്വെ നമ്പറുകളിൽപ്പെട്ട 10 ഏക്കർ ഭൂമി റൂസ മോഡൽ ഡിഗ്രി കോളേജ് നിർമ്മിയ്ക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് മുൻകൂർ അനുമതി നല്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതി മുമ്പാകെ ഒരു കേസ് നിലനിൽക്കുന്നതിനാലും റൂസ മോഡൽ ഡിഗ്രി കോളേജ് പദ്ധതി അടിയന്തരമായി നടപ്പാക്കേണ്ടതിനാലും, വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ തൃശ്ശിലേരി വില്ലേജിൽ 614/1B, 615/2 സർവ്വേ നമ്പറുകളിൽപ്പെട്ട 5 ഏക്കർ ഭൂമി മോഡൽ ഡിഗ്രി കോളേജ് നിർമ്മാണത്തിനായി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് കൈവശാവകാശം ഉന്നത വിദ്യാഭ്യാസ വകുപ്പിന് നല്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ സാഹചര്യത്തിൽ, വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ 174/1A, 174/1 B1 സർവ്വെ നമ്പറുകളിൽപ്പെട്ട 10 ഏക്കർ ഭൂമി റൂസ മോഡൽ ഡിഗ്രി കോളേജ് നിർമ്മിയ്ക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് മുൻകൂർ അനുമതി നല്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ജില്ലാ കളക്ടർ, വയനാട്.
തഹസീൽദാർ, മാനന്തവാടി, വയനാട്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (16/4/2020-ലെ ഇ2/449/2019/Health പ്രകാരം)
ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് (ബി1/409/2018/ഉ.വി.വ പ്രകാരം).
പൊതു ഭരണ (എസ്.സി) വകുപ്പ് (27.02.2025-ലെ ഇനം നമ്പർ 2742 പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Priya Vincent
സെക്ഷൻ ഓഫീസർ
Date: 03-03-2025 11:07:10

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-02-2025

ഫയൽ നം. എൽ3/63/2024/റവ. ഇനം നം: 2742

വിഷയം : റവന്യൂ വകുപ്പ്- വയനാട് ജില്ലയിൽ റൂസ മോഡൽ ഡിഗ്രി കോളേജ് നിർമ്മിക്കുന്നതിനായി മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ 174/1A, 174/1B1 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 10 ഏക്കർ ഭൂമിയുടെ മുൻകൂർ ഉപയോഗാനുമതി ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിക്കൊണ്ടുള്ള 27.04.2020 തീയതിയിലെ സ.ഉ.(കൈ)നം. 118/2020/റവ ഉത്തരവ് റദ്ദ് ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

SO(L), put up Draft GO
28/02.

2742

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എൽ3/63/2024/റവ |
| 2. | വകുപ്പ് | റവന്യൂ (എൽ) വകുപ്പ് |
| 3. | വിഷയം | വയനാട് ജില്ലയിൽ റൂസ മോഡൽ ഡിഗ്രി കോളേജ് നിർമ്മിക്കുന്നതിനായി മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ 174/1A, 174/1B1 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 10 ഏക്കർ ഭൂമിയുടെ മുൻകൂർ ഉപയോഗാനുമതി ഉന്നത വിദ്യാഭ്യാസ വകുപ്പിന് നല്കിക്കൊണ്ടുള്ള 27.04.2020 തീയതിയിലെ സ.ഉ(കൈ) നം.118/2020//റവ ഉത്തരവ് റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27.08.2024 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അല്ല |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.ഗോപകുമാർ.ആർ.എൽ. |
| 8. | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ടിങ്കു ബിസ്വാൾ |

| | | |
|---|---|---|
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13.12.2024 |
| 10. | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.02.2025 |
| 12. | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10.02.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.02.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

(1) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ 174/1A, 174/1 B1 സർവ്വേ നമ്പറുകളിൽപ്പെട്ട 10 ഏക്കർ ഭൂമി റൂസ മോഡൽ ഡിഗ്രി കോളേജ് നിർമ്മിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് മുൻകൂർ അനുമതി നൽകുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുവാദം നൽകി കൊണ്ടുള്ള 27.04.2020-ലെ സ.ഉ.(കൈ)നം.118/2020/റവ നമ്പർ ഉത്തരവ് റദ്ദ് ചെയ്യുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

(2) 27.04.2020-ലെ സ.ഉ(കൈ)നം.118/2020/റവ പ്രകാരം, വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ 174/1A, 174/1 B1 സർവ്വേ നമ്പറിൽപ്പെട്ട 10 ഏക്കർ ഭൂമി റൂസയുടെ കീഴിൽ മോഡൽ ഡിഗ്രി കോളേജ് സ്ഥാപിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് മുൻകൂർ അനുമതി നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകി ഉത്തരവായിരുന്നു. 16.04.2020-ലെ 3937 നമ്പർ മന്ത്രിസഭായോഗ തീരുമാന പ്രകാരമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സുപ്രീം കോടതി കേസ് നിലനിൽക്കുന്നതിനാലും പ്രസ്തുത പ്രോജക്ട് അടിയന്തരമായി നടപ്പിലാക്കേണ്ടതിനാലും വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ തൃശ്ശിലേരി വില്ലേജിൽ 614/1 B, 615/2 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 5

ഏക്കർ ഭൂമി മോഡൽ ഡിഗ്രി കോളേജ് നിർമ്മാണത്തിനായി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി നല്കി 15.07.2024-ലെ സ.ഉ(കൈ)നം.129/2024/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ സാഹചര്യത്തിൽ, 16.04.2020-ലെ 3937 നമ്പർ മന്ത്രിസഭായോഗ തീരുമാന പ്രകാരം പുറപ്പെടുവിച്ച 27.04.2020-ലെ സ.ഉ.(കൈ)നം.118/2020/റവ ഉത്തരവ് റദ്ദ് ചെയ്യേണ്ടതായുണ്ട്.

(3) ഇക്കാര്യം മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ 174/1A, 174/1 B1 സർവ്വേ നമ്പറുകളിൽപ്പെട്ട 10 ഏക്കർ ഭൂമി വയനാട് റൂസ മോഡൽ ഡിഗ്രി കോളേജ് നിർമ്മിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് മുൻകൂർ അനുമതി നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകികൊണ്ടുള്ള 27.04.2020 തീയതിയിലെ സ.ഉ.(കൈ)നം.118/2020/റവ. നമ്പർ ഉത്തരവ് റദ്ദ് ചെയ്യാവുന്നതാണോ?